**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 394** **14-03-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർദിഷ്ട തീരദേശ ഹൈവേ വികസനത്തിന്റെ ഭാഗമായി ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്കായി തീരദേശ മേഖലയുടെ പ്രത്യേകത കണക്കിലെടുത്ത് പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നതിനായി പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിച്ച് G.O(MS) No.50/2023/RD Dated: 10/03/2023 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | തീരദേശ ഹൈവേയുടെ അലൈൻമെന്റ് അന്തിമമായിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കലിനായി കിഫ്ബി സാമ്പത്തിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത റോഡ് നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | 2016 ൽ NATPAC നടത്തിയ സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിന് 21.05.2017ൽ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ നിലവിൽ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്ന ഏജൻസികൾ സ്ഥലം ഏറ്റെടുക്കൽ പ്ലാൻ പ്രകാരം (LA Plan), നേരത്തെ അംഗീകരിച്ച അലൈൻമെന്റിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പുതുക്കിയ അലൈൻമെന്റ് സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ മൂന്ന് ഏജൻസികളാണ് തയ്യാറാക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ NATPAC, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ LNTIEL, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ IDECK എന്നീ ഏജൻസികളാണ് ഡി.പി.ആർ തയ്യാറാക്കുന്നത്.<br><br>തീരദേശ ഹൈവേയുടെ നിർമാണത്തിന് 9 ജില്ലകളിലായി 446 കി.മി ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിന് 2430 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.<br><br>ബഹു. മുഖ്യമന്ത്രിയുടെ മുൻഗണന പദ്ധതികളിൽ ഉൾപ്പെടുന്ന തീരദേശ ഹൈവേയുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ ബഹു:മുഖ്യമന്ത്രി, ബഹു: |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പ് മന്ത്രി, പൊതുമരാമത്ത് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ വിലയിരുത്തുന്നുണ്ട്. കൂടാതെ ആഴ്ച്ചതോറും സി.ഇ.ഓ, കെ.ആർ.എഫ്.ബി യും തീരദേശ ഹൈവേ യുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. . |

സെക്ഷൻ ഓഫീസർ